## ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

### CLASS 7 (COMPETITIVEEXAM 2024)

**1) ന്യായാധിപന്മാരുടെ കൂട്ടത്തിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**
**A) യോശുവാ**
B) ദെബോരാ
C) ശിംശോൻ
D) യായീർ

**2) യിഫ്താഹിന്റെ നേർച്ച എന്തായിരുന്നു?**
**A) യുദ്ധം ജയിച്ചു മടങ്ങുമ്പോൾ തന്നെ എതിരേറ്റു വരുന്നതെന്തും യഹോവയ്ക്കുള്ളതാകും.**
B) യുദ്ധം ജയിച്ചാൽ താൻ ഏറ്റവും സ്നേഹിക്കുന്നതിനെ യഹോവയ്ക്കു ബലി നൽകും.
C) യുദ്ധം ജയിച്ചാൽ തന്റെ ഏകമകൾ യഹോവയ്ക്കുള്ളതായിരിക്കും.
D) യുദ്ധം ജയിച്ചാൽ യഹോവ കല്പിക്കുന്നതെന്തും ഞാൻ ബലിയായി നൽകും.

**3) 'ശമുവേൽ' എന്ന വാക്കിന്റെ അർത്ഥം?**
**A) യഹോവയോടു ചോദിച്ചു വാങ്ങി.**
B) യഹോവ കരുണയോടെ നൽകി.
C) ഇത് യഹോവയുടെ ദാനം.
D) യഹോവയുടെ ന്യായാധിപൻ.

**4) ദൈവാനുസരണത്തിൽ ലാഘവത്വം പുലർത്തിയ ആൾ?**
**A) ശൗൽ**
B) ശമുവേൽ
C) ദാവീദ്
D) ഗിദയോൻ

**5) 'പിതാവിന്റെ കഴുതയെ അന്വേഷിച്ചുപോയവനെ രാജാവായി അഭിഷേകം ചെയ്തു.' ഇത് ആരെക്കുറിച്ചാണ് ശരി?**
**A) ശൗൽ**
B) ശമുവേൽ
C) ദാവീദ്
D) ശലോമോൻ

**6) മക്കളുടെ തെറ്റായ ജീവിതം മൂലം സാക്ഷ്യം നഷ്ടപ്പെട്ട വ്യക്തി?**
**A) ഇവിടെ പറയുന്നവരെല്ലാം.**
B) ശമുവേൽ
C) ദാവീദ്
D) ഏലി

**7) ദാവീദിനെക്കുറിച്ച് വേദപുസ്തകത്തിലെ ആദ്യപരാമർശം ഏത്?**
**A) യിശായിയുടെ ആട്ടിൻകൂട്ടത്തെ മേയിക്കുന്ന യുവാവ്.**
B) ശൗലിനുവേണ്ടി കിന്നരം വായിക്കുന്ന ഗായകൻ.
C) ഗോല്യാത്തിനെ കല്ലും കവിണയും ഉപയോഗിച്ചു കൊന്ന വ്യക്തി.
D) പിതാവിന്റെ കഴുതകളെ അന്വേഷിച്ചിറങ്ങിയ വ്യക്തി.

**8) 'തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കയില്ല.' ദാവീദ് ഇങ്ങനെ പറയുവാനുള്ള സാഹചര്യം എന്ത്?**

**<u>A) ബേത്ത്ഷേബായെ സ്വന്തമാക്കി പാപം ചെയ്ത ദാവീദിന്റെ അനുതാപത്തെ ദൈവം സ്വീകരിച്ചു.</u>**
B) ദാവീദിന്റെ പുത്രൻ എന്നു ക്രിസ്തു വിളിക്കപ്പെടും എന്നു ദൈവം വാഗ്ദത്തം നൽകി.
C) ശൗൽ കൊല്ലുവാൻ ഓടിനടന്നിട്ടും ദാവീദിനെ അതിൽനിന്നും ദൈവം സംരക്ഷിച്ചു.
D) ഗോല്യാത്തിനെ വധിക്കുവാനുള്ള ശക്തി ദൈവം ദാവീദിനു നൽകി.

**9) ഏതു പ്രവാചകന്റെ ഇടപെടലാണ് ശലോമോനു രാജസ്ഥാനം നേടിക്കൊടുത്തത്?**
**<u>A) നാഥാൻ</u>**
B) ശമുവേൽ
C) സാദോക്ക്
D) ഇവർ ആരുമല്ല.

**10) 'ദാവീദിന് ദൈവമുമ്പാകെ കൃപ ലഭിച്ചു' എന്നു പറഞ്ഞ രക്തസാക്ഷി ആര്?**
**<u>A) സ്തേഫാനോസ്</u>**
B) അബ്ശാലോം
C) പത്രോസ്
D) ശൗൽ

**11) ഉത്ഥിതനായ ക്രിസ്തു നൽകുന്ന ആദ്യസന്ദേശം എന്താണ്?**
**<u>A) നിങ്ങൾക്കു സമാധാനം.</u>**
B) പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ.
C) പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു.
D) ആരുടെ പാപങ്ങൾ നിങ്ങൾ ക്ഷമിക്കുന്നുവോ അവ മോചിക്കപ്പെട്ടിരിക്കും.

**12) കർത്താവും എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരും തമ്മിലുള്ള സംഭാഷണം നടക്കുന്നത് എന്ന്?**
**<u>A) കർത്താവ് ഉയിർത്തെഴുന്നേറ്റ ഞായറാഴ്ച.</u>**
B) കർത്താവിന്റെ ഉയിർപ്പ് കഴിഞ്ഞു മൂന്നാം ദിവസം.
C) കർത്താവിന്റെ ഉയിർപ്പിന്റെ അടുത്ത ഞായറാഴ്ച.
D) കൃത്യമായി പറയുവാൻ രേഖകൾ ഇല്ല.

**13) യരുശലേമും എമ്മാവൂസും തമ്മിൽ എത്ര അകലം ഉണ്ടായിരുന്നു?**
**<u>A) ഏഴു നാഴിക</u>**
B) ഒരു ദിവസത്തെ വഴി.
C) അഞ്ചു കിലോമീറ്റർ.
D) ഒരു നാഴിക.

**14) ചുവടെ പറയുന്നവയിൽ തെറ്റായ പ്രസ്താവന ഏത്?**
**<u>A) കർത്താവ് അപ്രത്യക്ഷനായി കഴിഞ്ഞപ്പോൾ എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർ തങ്ങളുടെ യാത്ര തുടർന്നു.</u>**
B) എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരോട് കർത്താവ് തിരുവെഴുത്തുകളിൽനിന്നും വ്യാഖ്യാനിച്ചു കൊടുത്തു.
C) ശിഷ്യന്മാർ എന്നു പറയപ്പെടുന്ന രണ്ടു പേരാണ് എമ്മാവൂസിലേക്കുള്ള വഴിമധ്യേ യേശുവുമായി സംസാരിച്ചത്.
D) ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന വാർത്ത എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർ അറിഞ്ഞിരുന്നു.

**15) സംശയം ഉണ്ടായാൽ തുടർന്നു ചോദിക്കുന്ന സ്വഭാവം മാർത്തോമാശ്ലീഹായ്ക്കുണ്ടായിരുന്നു. ഏതു സംഭവമാണ് ഇത് തെളിയിച്ചത്?**

**<u>A) യോഹന്നാൻ 14-ാം അധ്യായത്തിൽ 'വഴി എങ്ങനെ അറിയും' എന്നൊരു ചോദ്യം തോമ്മാശ്ലീഹാ ചോദിക്കുന്നുണ്ട്.</u>**
B) യോഹന്നാൻ 11-ാം അധ്യായത്തിൽ 'അവനോടുകൂടെ മരിക്കേണ്ടതിനും നാമും പോക' എന്നു തോമ്മാശ്ലീഹാ പറയുന്നു.
C) യോഹന്നാൻ 20-ാം അധ്യായത്തിൽ 'അവനെ കണ്ടല്ലാതെ ഞാൻ വിശ്വസിക്കയില്ല' എന്നു തോമ്മാശ്ലീഹാ പറഞ്ഞു.
D) 'എന്റെ കർത്താവും ദൈവവുമേ' എന്നു പറഞ്ഞ് മാർത്തോമാ ശ്ലീഹാ യേശുവിനെ കെട്ടിപ്പിടിച്ചു.

**16) നമ്മുടെ സഭയുടെ കാതോലിക്കേറ്റ് ചിഹ്നത്തിൽ ചുവടെ കൊടുത്തിരിക്കുന്ന ഏതു വാചകമാണ് ആലേഖനം ചെയ്തിട്ടുള്ളത്?**
**<u>A) 'എന്റെ കർത്താവും എന്റെ ദൈവവുമേ.'</u>**
B) 'കുഞ്ഞുങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ.'
C) 'ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു.'
D) കാതോലിക്കാ സിംഹാസനം നീണാൾ വാഴട്ടെ.

**17) അന്ത്രയോസിന്റെ സഹോദരനായ ശിഷ്യൻ ആരായിരുന്നു?**
**<u>A) പത്രോസ്</u>**
B) യാക്കോബ്
C) യോഹന്നാൻ
D) അങ്ങനെ ഒരു ശിഷ്യൻ ഇല്ല.

**18) ദൈവസ്നേഹത്തിന്റെ ഒരു വലിയ പ്രത്യേകത തെരഞ്ഞെടുക്കുക.**
**<u>A) നാം തള്ളിപ്പറഞ്ഞാലും തള്ളിപ്പറയാത്തതാണ് ദൈവസ്നേഹം.</u>**
B) നാം ദൈവത്തെ സ്നേഹിച്ചാൽ താൻ അധികമായി നമ്മെ സ്നേഹിക്കും.
C) കർത്താവിന്റെ കല്പനകൾ അനുസരിച്ചു ജീവിച്ചാൽ മാത്രം താൻ നമ്മെ സ്നേഹിക്കും.
D) നാം തെറ്റു ചെയ്യുമ്പോൾ ദൈവസ്നേഹം ഇല്ലാതാകും.

**19) യേശു സ്വർഗാരോഹണം ചെയ്ത മല?**
**<u>A) ഒലിവ് മല</u>**
B) മോറിയാ മല
C) സീനായ് മല
D) യറുശലേം മല

**20) ഉയിർപ്പു പെരുന്നാളിൽ മദ്ബഹായുടെ ഇടതുവശത്തു ക്രമീകരിക്കുന്ന കുരിശ് മാറ്റുന്നത് എന്ന്?**
**<u>A) നാല്പതു ദിവസം കഴിഞ്ഞ്.</u>**
B) ദുഃഖവെള്ളിയാഴ്ച
C) അടുത്ത ഉയിർപ്പ് പെരുന്നാളിന്.
D) പിറ്റേ ഞായറാഴ്ച.

**21) മാർ അപ്രേമിന്റെ മെമ്മറാ ചൊല്ലുന്നത് ഏതു യാമത്തിലാണ്?**
**<u>A) സൂത്താറാ</u>**
B) സന്ധ്യ
C) ഒമ്പതാംമണി
D) രാത്രി

**22) 'നിനക്കുള്ള സ്ലീബായാലെ' എന്തു വേണമെന്നാണ് മാർ അപ്രേമിന്റെ മെമ്മറായിൽ പാടുന്നത്?**
**<u>A) എന്റെ ആയുസു കാക്കണമേ</u>**
B) സാത്താനെ നീ മുടക്കണമേ
C) തിന്മപ്പെട്ടവനണയരുതേ

D) എനിക്കു നീ മനോഗുണം ചെയ്യണമേ

**23) 'നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ഏഴു പ്രാവശ്യം നിന്നെ സ്തുതിക്കും' എന്നു പറഞ്ഞ ഭക്തൻ ആര്?**

**A) ദാവീദ്**

B) ദാനിയേൽ

C) നിസായിലെ ഗ്രിഗോറിയോസ്

D) മാർ അന്തോനിയോസ്

**24) 'തിരുവുള്ളത്താൽ ഇല്ലായ്മയിൽനിന്നു ഞങ്ങളെ നീ സൃഷ്ടിച്ചു.' ഈ പ്രാർത്ഥനാ വാചകത്തിന് അടിസ്ഥാനമായി പറയുന്ന വേദവാക്യം ഏത്?**

**A) ഉല്പത്തി 1:22**

B) യോഹന്നാൻ 1:8

C) ഉല്പത്തി 2:10

D) യോഹന്നാൻ 3:16

**25) 63-ാം സങ്കീർത്തനം 8-ാം വാക്യത്തിൽ 'നിന്റെ വലങ്കൈ എന്നെ താങ്ങുന്നു' എന്നു പറയുന്നു. മാർ സേവേറിയോസിന്റെ അപേക്ഷയിൽ ഈ വാക്യത്തിന്റെ പശ്ചാത്തലത്തിൽ ഉള്ള ഒരു വാചകം ഉണ്ട്. ഏത്?**

**A) ഞാൻ ജീവനോടിരിക്കുന്ന നാളൊക്കെയും നിന്റെ വലതുകൈ ഞങ്ങളുടെമേൽ ആവസിപ്പിക്കേണമേ.**

B) നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമേ.

C) കർത്താവേ നിന്റെ കരുണ ഞങ്ങളെ മറച്ചു നിന്റെ കൃപ ഞങ്ങളുടെ മുഖങ്ങളിൽ നില്ക്കണമേ.

D) ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു നോക്കിക്കൊണ്ടിരിക്കുന്നു.

**26) മാർ സേവേറിയോസിന്റെ അപേക്ഷയിൽ പറഞ്ഞിട്ടുള്ള പേര്?**

**A) മറിയം**

B) യേശു

C) തോമ്മാശ്ലീഹാ

D) പൗലോസ് ശ്ലീഹാ

**27) കന്യകമറിയാമിനോടുള്ള മധ്യസ്ഥപ്രാർത്ഥനയിൽ (കുക്കിലിയോനിൽ) എക്ബോ ആയി ഉപയോഗിക്കുന്ന ഗീതം?**

**A) ഭക്തർപുകഴ്ചാ ഭാജനമേ**

B) മോറാനീശോ കുരിശും നിൻ

C) നിർത്തീടരുതേ പരിശുദ്ധേ

D) നിന്നാൾ സ്തുതുയൊടു രാജമകൾ

**28) 'മന്നമകൾക്കായ് ശ്ലോമ്മോ വന്നേകി...' എന്ന ഗീതത്തിൽ പ്രതിപാദിക്കുന്ന വിഷയം എന്താണ്?**

**A) മറിയാമിനോടുള്ള വചനിപ്പ്**

B) മറിയാമിന്റെ വാങ്ങിപ്പ്

C) യേശുവിന്റെ പടകിലുള്ള യാത്ര

D) മറിയാമും യേശുവുമായുള്ള സംഭാഷണം

**29) 'വൃദ്ധതയിലും അവർ തളിരിട്ടു തഴച്ചിടുമേ' ആര് എന്നാണ് ഗീതത്തിൽ പറയുന്നത്?**

**A) നയവാൻ**

B) പുഷ്ടിയുള്ളവർ

C) കന്യകമറിയാം

D) ലെബനോൻ കാരികിലുകൾ

**30) ഭാഗ്യം നിബിയർക്കും, ........................ പുനരുദ്ധാനദിനേ' ഏതു ദിവസത്തെ കാര്യമാണിവിടെ പറയുന്നത്?**

**A) കർത്താവിന്റെ രണ്ടാമത്തെ വരവ്**

B) കർത്താവിന്റെ ഉയിർപ്പ്

C) കർത്താവിന്റെ സ്വർഗ്ഗാരോഹണം

D) കർത്താവിന്റെ ക്രൂശുമരണം.

**31) '14 പദങ്ങളിലായി 360 വരികളുള്ള പാട്ട്' ഏത്?**

**A) മാർഗം കളി**

B) റമ്പാൻ പാട്ട്

C) പാണപ്പാട്ട്

D) അപ്രേമിന്റെ മെമ്മറാ

**32) റമ്പാൻ പാട്ടിൽ പ്രതിപാദിക്കുന്ന വിഷയം ഏത്?**

**A) ഇവിടെ പറയുന്നവയെല്ലാം പ്രതിപാദിക്കുന്നു.**

B) മാർത്തോമാശ്ലീഹായാൽ സ്ഥാപിച്ച പള്ളികൾ.

C) പട്ടക്കാരുടെ നിയമനം.

D) മാർത്തോമാ ശ്ലീഹായുടെ മരണം.

**33) ഗാദ് രാജാവിന്റെ സ്വർഗത്തിലെ ദർശനം വിവരിക്കുന്ന പുസ്തകം?**

**A) തോമായുടെ പ്രവർത്തികൾ.**

B) ഗോണ്ഡഫോറസിന്റെ ചരിത്രം.

C) ഗോണ്ഡഫോറസും സഹോദരനും

D) ഗോണ്ഡഫോറസിന്റെ മാനസാന്തരം

**34) പാലയൂരിൽ അനേകർ ക്രിസ്തുമതം സ്വീകരിക്കുവാൻ ഇടയായ സംഭവം ഏത്?**

**A) തോമ്മാശ്ലീഹാ വെള്ളം അന്തരീക്ഷത്തിൽ നിർത്തിയത്.**

B) മരിച്ചവരെ വെള്ളം തളിച്ച് ഉയിർപ്പിച്ച സംഭവം.

C) സർപ്പത്തെക്കൊണ്ടു വിഷം തിരിച്ചെടുപ്പിച്ച സംഭവം.

D) ഗാദ് രാജകുമാരൻ സ്വർഗ്ഗത്തിൽ കണ്ട കൊട്ടാരത്തെക്കുറിച്ച് പറഞ്ഞ സംഭവം.

**35) കാലോസ് എന്ന പദത്തിന്റെ അർത്ഥം?**

**A) നല്ലത്**

B) നിൽക്കണം

C) കരുണ

D) ശ്രദ്ധിക്കുക

**36) വി. കുർബാനയിലെ വായനകളിൽ ശരിയായ ക്രമത്തിലുള്ളത് തെരഞ്ഞെടുക്കുക.**

**A) ഏവൻഗേലിയോൻ, പ്രൊമിയോൻ, ഹൂസോയോ, സെദ്റ**

B) പ്രൊമിയോൻ, സെദ്റാ, ഹൂസോയോ, ഏവൻഗേലിയോൻ.

C) ഏവൻഗേലിയോൻ, പ്രൊമിയോൻ, സെദ്റാ, ഹൂസോയോ

D) ഹൂസോയോ, ഏവൻഗേലിയോൻ, പ്രൊമിയോൻ, സെദ്റാ.

**37) ഹൂസോയോ പ്രാർത്ഥനയിൽ 'ഉത്തമമായ അന്ത്യം ലഭിക്കണമേ എന്നു പ്രാർത്ഥിക്കുന്നുണ്ട്. എന്താണ് അന്ത്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്?**

**A) ഇവിടെ പറയുന്നതെല്ലാം.**

B) മരണം

C) ശവസംസ്കാരം

D) സ്വർഗരാജ്യാവകാശം

**38) ധൂപകലശത്തെക്കുറിച്ചുള്ള വേദപുസ്തകത്തിലെ ആദ്യ പരാമർശം**

**എവിടെ?**

**A) പുറപ്പാട് പുസ്തകത്തിൽ.**
B) ഉല്പത്തി പുസ്തകത്തിൽ
C) വെളിപ്പാടു പുസ്തകത്തിൽ
D) കൊരിന്ത്യലേഖനത്തിൽ

**39) ധൂപാർപ്പണം നടത്തിക്കൊണ്ടിരുന്നപ്പോൾ ദൈവദർശനം ലഭിച്ച പുരോഹിതൻ?**

**A) സഖറിയാ പുരോഹിതൻ**
B) യോഹന്നാൻ ശ്ലീഹാ
C) അഹറോൻ
D) ഇവർ എല്ലാം

**40) 'രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും ഞങ്ങൾ ദൈവത്തിന് ...................... ആകുന്നു.' പൂരിപ്പിക്കുക.**

**A) സൗരഭ്യവാസന**
B) സാക്ഷികൾ
C) ജീവനുള്ള ബലിയാകുന്നു
D) ബലിയായിത്തീരുന്നവർ

**41) കൃത്യമായ തീയതി ഇല്ലാത്ത നോമ്പ് തെരഞ്ഞെടുക്കുക.**

**A) മൂന്നു നോമ്പ്**
B) ശ്ലീഹാ നോമ്പ്
C) ശൂനോയോ നോമ്പ്
D) യൽദോ നോമ്പ്

**42) നോമ്പിന്റെ അനുഭവം വേദപുസ്തകത്തിൽ ആദ്യം കാണുന്നത് എവിടെയാണ്?**

**A) ഏദൻ തോട്ടത്തിൽ**
B) മിസ്രയീമിലെ അടിമത്ത കാലത്ത്
C) മോശയുടെ ഉപവാസം
D) ഏലിയാവിന്റെ നോമ്പ്

**43) നോമ്പ് ആചരിക്കുവാൻ സഭ നിഷ്കർശിച്ചിട്ടില്ലാത്ത ദിവസങ്ങൾ?**

**A) ഉയിർപ്പു മുതൽ പെന്തിക്കോസ്തി വരെയുള്ള ദിനങ്ങൾ.**
B) ദുഃഖവെള്ളിയാഴ്ച മുതൽ ഉയിർപ്പു വരെ.
C) പാതിനോമ്പിനുശേഷം
D) ബുധൻ വെള്ളി ദിവസങ്ങൾ

**44) ഭാരതീയ പശ്ചാത്തലത്തിൽ പറയുന്ന ജീവിതത്തിന്റെ നാലു ഘട്ടങ്ങൾ ക്രമമായി നൽകിയിരിക്കുന്നത് തെരഞ്ഞെടുക്കുക.**

**A) ബ്രഹ്മചര്യം, ഗൃഹസ്ഥാശ്രമം, വാനപ്രസ്ഥം, സന്ന്യാസി**
B) ഗൃഹസ്ഥാശ്രമം, ബ്രഹ്മചര്യം, സന്ന്യാസി, വാനപ്രസ്ഥം.
C) ഗൃഹസ്ഥാശ്രമം, വാനപ്രസ്ഥം, ബ്രഹ്മചര്യം, സന്ന്യാസി
D) വാനപ്രസ്ഥം, ബ്രഹ്മചര്യം, സന്ന്യാസി, ഗൃഹസ്ഥാശ്രമം.

**45) മിലാൻ വിളംബരം നടന്ന വർഷം?**

**A) 313**
B) 345
C) 310
D) 348

**46) എന്താണ് പിതൃവിജ്ഞാനീയം?**

**A) ഒന്നു മുതൽ എട്ടുവരെയുള്ള നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനം.**
B) ആദ്യ സഹസ്രാബ്ദക്കാലത്തെ സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനം.
C) എല്ലാ സഭാപിതാക്കന്മാരെക്കുറിച്ചുമുള്ള പഠനം.
D) കുടുംബപൈതൃകത്തെക്കുറിച്ചുള്ള പഠനം.

**47) വലിയ മാർ ബസേലിയോസിനെക്കുറിച്ചുള്ള തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**
**A) ഇദ്ദേഹം 90 വയസുവരെ ജീവിച്ചിരുന്നു.**
B) ഇദ്ദേഹം നിസായിലെ ഗ്രിഗോറിയോസിന്റെ സഹോദരനാണ്.
C) ഇദ്ദേഹത്തിന്റെ ഓർമ്മ ജനുവരി ഒന്നിന് കൊണ്ടാടുന്നു.
D) ഇദ്ദേഹത്തിന്റെ വല്യമ്മയുടെയും സഹോദരിയുടെയും പേരുകൾ മക്രീന എന്നായിരുന്നു.

**48) ആത്മീയ ശുശ്രൂഷയ്ക്കുവേണ്ടി വിവാഹബന്ധം വേർപെടുത്തിയ ആൾ?**
**A) നിസായിലെ ഗ്രിഗോറിയോസ്**
B) നാസിയാൻസിലെ ഗ്രിഗോറിയോസ്
C) വലിയ മാർ ബസേലിയോസ്
D) വിശുദ്ധ അന്തോനിയോസ്

**49) ആരോഗ്യപരിപാലനത്തിന് ആവശ്യമില്ലാത്ത സംഗതി?**
**A) ആധുനിക മാധ്യമങ്ങൾ കൂടുതലായി ഉപയോഗിക്കണം.**
B) ശരിയായ വ്യായാമം വേണം.
C) അന്തരീക്ഷ-പരിസര മലിനീകരണം കുറയ്ക്കണം.
D) ആഹാരരീതികളിൽ നിയന്ത്രണം വേണം.

**50) ഏതു പ്രകൃതിവസ്തുവിനെക്കൊണ്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്?**
**A) ഇവയെല്ലാം ഉൾക്കൊള്ളിച്ചു.**
B) മണ്ണ്
C) ജലം
D) വായു